# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6269 — 31.10.2011 ലെ മറുപടിക്ക്

## വർക്കിംഗ് അറേഞ്ച്മെന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ. ചന്ദ്രശേഖരൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) | |
| (എ) | പഞ്ചായത്ത് വകുപ്പിൽ കാസർഗോഡ് ജില്ലയിലേക്ക് പ്രമോഷൻ ട്രാൻസ്ഫർ ആയ വ്യക്തി, ഉടൻ തന്നെ വർക്കിംഗ് അറേഞ്ചുമെന്റിൽ തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം നേടിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വർക്കിംഗ് അറേഞ്ച്മെന്റ് മൂലം, കാസർഗോഡ് ജില്ലയിലെ ഒഴിവു വന്ന പ്രസ്തുത തസ്തികയിൽ, നേരത്തെ ഉണ്ടായിരുന്ന ആൾ ചെയ്തിരുന്ന ജോലി ഇനി ആരാണ് ചെയ്യുക എന്ന് വ്യക്തമാക്കാമോ; | (ബി) | വർക്കിംഗ് അറേഞ്ച്മെന്റ് മൂലം ഒഴിവു വരുന്ന തസ്തികയിൽ ജോലി ക്രമീകരണം നടത്തുന്നത് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആണ് . |
| (സി) | പഞ്ചായത്ത് വകുപ്പിൽ ജില്ലമാറിയുള്ള വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിക്കുമ്പോൾ ജില്ലയിലെ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ സീനിയോറിറ്റി പരിഗണിക്കാത്തതിന് കാരണം വിശദമാക്കാമോ; | (സി) | ജില്ലമാറിയുള്ള വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിക്കുമ്പോൾ ജില്ലയിലെ സ്റ്റേഷൻ സീനിയോരിറ്റി പരിഗണിക്കുന്നതാണ്. |
| (ഡി) | അന്യായമായ ഇത്തരം നടപടികൾ പുന:പ്പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അന്യായമായ നടപടികൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

2

സെക്ഷൻ ഓഫീസർ